പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3244 18.10.2016 -ൽ മറുപടിയ്ക്ക്

## ടൂറിസം സംബന്ധിച്ച് പുതിയ നയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് : | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
| എ) | ടൂറിസം സംബന്ധിച്ച് പുതിയ നയം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഭാരതീയ സംസ്കാരത്തിനും പരിസ്ഥിതിക്കും കോട്ടം തട്ടാതെ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; | ബി) | എക്കോ ടൂറിസം, അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നീ മേഖലകളിൽ വനം, കൃഷി എന്നീ വകുപ്പുകളുമായി ചേർന്നുള്ള പദ്ധതികൾക്കു പുറമേ പുരാവസ്തു വകുപ്പുമായി ചേർന്നും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| സി) | കഴിഞ്ഞ വർഷം സംസ്ഥാനം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത് എന്നറിയിക്കുമോ; | സി) | 2015 കലണ്ടർ വർഷം കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2015 കലണ്ടർ വർഷം കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 5.86% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| ഡി) | കഴിഞ്ഞ വർഷം വിദേശ ടൂറിസ്റ്റുകളുടെ വരവിലൂടെ എത്ര കോടി രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ? | ഡി) | ഉണ്ട്. 2015 കലണ്ടർ വർഷം വിദേശ വിനോദസഞ്ചാരികളുടെ വരവിലൂടെ 6949.88 കോടി രൂപ ലഭിച്ചതായി കണക്കാക്കപ്പെടുന്നു. |

സെക്ഷൻ ഓഫീസർ